(ബി) ആനക്കര ഗ്രാമപഞ്ചായത്തിലെ വിവിധ കടവുകളിൽ മണൽ കയറ്റുന്നത് സംബന്ധിച്ച് ചുമട്ടു തൊഴിലാളികൾ തമ്മിൽ തർക്കമുണ്ടായതിനെത്തുടർന്ന് ഷൊർണ്ണൂർ അസി. ലേബർ ഓഫീസറും പാലക്കാട് ഡെപ്യൂട്ടി ലേബർ ഓഫീസറും അനുരഞ്ജന ചർച്ചകൾ നടത്തിയെങ്കിലും തർക്കം തീരാത്തതിനാൽ കേരള ചുമട്ടു തൊഴിലാളി നിയമം സെക്ഷൻ 21(4) അനുസരിച്ച് പാലക്കാട് ജില്ലാ ലേബർ ഓഫീസർ 14-1-2002-ൽ സി. 3040/01 നമ്പരായി 173 തൊഴിലാളികളെ അംഗീകരിച്ചു കൊണ്ട് തീരുമാനമെടുത്തു. അതിനെതിരെ ഐ. എൻ. റ്റി. യു. സി., സി. ഐ. റ്റി. യു. യൂണിയനുകൾ സമർപ്പിച്ച അപ്പീലുകളിൻമേൽ 4-5-2002-ൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ തീർപ്പു കൽപ്പിക്കുകയും കക്ഷികളെ വീണ്ടും കേട്ടതിനുശേഷം പുതിയ ഉത്തരവ് പുറപ്പെടുവിക്കുവാൻ ജില്ലാ ലേബർ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇതു സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ലെന്ന് മാത്രമല്ല ഇരു കക്ഷികളേയും കേട്ടതിന് ശേഷമാണ് ജില്ലാ ലേബർ ഓഫീസർ തീരുമാനമെടുക്കുന്നത്.

(ഡി) 2003 ആഗസ്റ്റ് മാസത്തിൽ ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ പാലക്കാട് ജില്ലാ ലേബർ ഓഫീസർ പൂർത്തിയാക്കുന്നതാണ്.

ബോയിലർ അറ്റൻഡന്റ് കോംപിറ്റൻസി പരീക്ഷയെഴുതുന്നതിനുള്ള മാനദണ്ഡം

96 [3501] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് നടത്തുന്ന ബോയിലർ അറ്റൻഡന്റ് കോംപിറ്റൻസി പരീക്ഷയെഴുതുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കമ്പനിയിൽ നിന്നും മൂന്നു വർഷം ബോയിലർ അറ്റൻഡർ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് വെറും വാചാ പരീക്ഷ മാത്രം നടത്തിയാൽ മതിയെന്ന സാഹചര്യം നിലവിലുണ്ടോ;

(സി) ഐ. റ്റി. ഐ.-ൽ രണ്ട് വർഷത്തെ ഫിറ്റർ ട്രേഡ് വിജയിച്ച് റിലേറ്റഡ് ഇൻസ്ട്രക്ഷൻ സെന്ററുകൾ വഴി രണ്ടര വർഷം ബോയിലർ അറ്റൻഡന്റ് ട്രേഡ് പഠിച്ച് അഞ്ച് വിഷയങ്ങളിൽ എഴുത്ത് പരീക്ഷയിൽ പങ്കെടുത്ത് വിജയിച്ചാൽ മാത്രം ബോയിലർ ഓപ്പറേറ്റർ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന സാഹചര്യത്തിൽ പ്രസ്തുത മൂന്നു വർഷത്തെ പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കി വാചാ പരീക്ഷ മാത്രം വിജയിച്ച് ഈ സർട്ടിഫിക്കറ്റ് നേടുന്ന സാഹചര്യത്തെക്കുറിച്ച് ഗൗരവമായി പരിശോധിക്കുമോ;

(ഡി) ഫ്ക്ടറികളിൽ വ്യാപകമായുണ്ടാകുന്ന അപകടങ്ങളും നാശനഷ്ടങ്ങളും ഒഴിവാക്കുവാനും പരീക്ഷയിൽ വ്യാപകമായി വരുന്ന അഴിമതികൾ പരിഹരിക്കുവാനും ഈ പരീക്ഷാ രീതിയിൽ സമഗ്രമായ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1957-ലെ കേരളാ ബോയിലർ അറ്റൻഡൻസ് റൂൾസിലെ റൂൾ 8-ന് 21-11-2001-ലെ സർക്കാർ ഉത്തരവ് (ആർ. ടി.) നമ്പർ 3440/2001/എൽ. ബി. ആർ. പ്രകാരം വരുത്തിയ ഭേദഗതി നിയമപ്രകാരം സർക്കാർ നിയമിക്കുന്ന ഒരു പരീക്ഷാ ബോർഡാണ് ഫസ്റ്റ് ക്ലാസ്സും സെക്കന്റ് ക്ലാസ്സും ബോയിലർ അറ്റൻഡന്റ് കോംപിറ്റൻസി സർട്ടിഫിക്കറ്റ് പരീക്ഷകൾ നടത്തുന്നത്. ടി ഭേദഗതി നിയമങ്ങളിൽ റൂൾ 35-നും 36-നും വരുത്തിയ ഭേദഗതി പ്രകാരം ഈ പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. റൂൾ 35-ന്റേയും 36-ന്റേയും പ്രസക്ത ഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) റൂൾ 40(1) ന്റെ പ്രൊവൈസോ പ്രകാരം, റൂൾ 38-ലെ സിലബസ് അനുസരിച്ച് സെക്കന്റ് ക്ലാസ്സ് ബോയിലർ അറ്റൻഡന്റ് കോംപിറ്റൻസി സർട്ടിഫിക്കറ്റ് പരീക്ഷ വാചാ പരീക്ഷയായും റൂൾ 39, 40 എന്നിവ പ്രകാരം ഫസ്റ്റ് ക്ലാസ്സ് ബോയിലർ അറ്റൻഡന്റ് കോംപിറ്റൻസി സർട്ടിഫിക്കറ്റ് പരീക്ഷ 30 മിനിട്ട് ദൈർഘ്യമുള്ള പരമാവധി 40 മാർക്കിന്റെ എഴുത്തു പരീക്ഷയും 60 മാർക്കിന്റെ വാചാപരീക്ഷയും [24-1-2003-ലെ സർക്കാർ ഉത്തരവ് (ആർ. ടി.) നമ്പർ 345/2003/എൽ. ബി. ആർ. പ്രകാരം വരുത്തിയ തിരുത്തൽ അനുസരിച്ച്] ഉൾപ്പെടെ ആകെ 100 മാർക്കിന്റെ പരീക്ഷയായും ആണ് നടത്തുന്നത്.

(സി) പരിശോധിക്കുന്നതാണ്.

(ഡി) ഫാക്ടറികളിൽ വ്യാപകമായി അപകടങ്ങളും നാശനഷ്ടങ്ങളും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2001-ലെ കേരളാ ബോയിലർ അറ്റൻഡൻസ് ഭേദഗതി നിയമങ്ങൾ അനുസരിച്ചാണ് ഇപ്പോൾ ഒന്നാം ക്ലാസ്സും രണ്ടാം ക്ലാസ്സും ബോയിലർ അറ്റൻഡൻസ് കോമ്പിറ്റൻസി സർട്ടിഫിക്കറ്റ് പരീക്ഷകൾ നടത്തുന്നത്. നിലവിലുള്ള ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കാര്യക്ഷമമായ രീതിയിലാണ് ഈ പരീക്ഷകൾ നടന്നു വരുന്നത് എന്നതിനാൽ പരീക്ഷാ രീതിയിൽ സമഗ്രമായ മാറ്റം വരുത്തുന്നതിന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

അങ്കമാലി അസിസ്റ്റന്റ് ലേബർ ഓഫീസ്

97 [3502] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ അനുവദിച്ചിട്ടുള്ള അസിസ്റ്റന്റ് ലേബർ ഓഫീസ് ഇപ്പോൾ ആലുവയിൽ ആണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആഫീസ് അങ്കമാലിയിൽ പ്രവർത്തനം തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly